**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **13-02-2025 - ൽ മറുപടിയ്ക്ക്**

**പാമ്പാടി ആർ. ഐ. ടി. നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പാമ്പാടി ആർ. ഐ. ടി. നവീകരണത്തിനായി 2021ൽ അഞ്ചു കോടി രൂപ അനുവദിച്ചിരുന്നോ; എങ്കിൽ ഏത് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (എ) | അനുവദിച്ചിട്ടുണ്ട്, “2203-00-800-76 NON PLAN Asset Maintenance Fund" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചത്. |
| (ബി) | ഏതൊക്കെ പ്രവൃത്തികൾക്കായാണ് തുക അനുവദിച്ചതെന്നും നിർവഹണ ഏജൻസി ആരാണെന്നും അറിയിക്കുമോ; പ്രസ്തുത തുക ചെലവഴിച്ച് പ്രവൃത്തികളെല്ലാം നിർവഹിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ; പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി അറിയിക്കാമോ; | (ബി) | പാമ്പാടി ആർ. ഐ. ടി-യിലെ വിവിധ കെട്ടിടങ്ങളുടെ നവീകരണ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത്, PWD ആണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. "2203-00-800-76 NON PLAN Asset Maintenance Fund" ശീർഷകത്തിൽ അലോട്ട്മെൻറ് ലഭ്യമാകാത്തതിനാൽ മേൽത്തുക വിനിയോഗിച്ച് ടി സ്ഥാപനത്തിലെ കെട്ടിടങ്ങളുടെ നവീകരണ പ്രവൃത്തി നിർവഹിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തികൾ നിർവഹിക്കുന്നതിനായി ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്യാൻ നിർവഹണ ഏജൻസി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും തുടർന്ന് വകുപ്പ് സ്വീകരിച്ച നടപടികളും വിശദമാക്കുമോ? | (സി) | ആവശ്യപ്പെട്ടിരുന്നു, "2203-00-800-76 NON PLAN Asset Maintenance Fund" ശീർഷകത്തിൽ അലോട്ട്മെൻറ് ലഭ്യമാകാത്തതിനാൽ deposit ചെയ്തു നൽകുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ